"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് - തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1709/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 08/09/2021.**

---

പരാമർശം: 1) സ.ഉ.(കൈ) നം.1809/2020/തസ്വഭവ , തീയതി, 01.10.2020

2) സ.ഉ.(കൈ) നം.134/2021/തസ്വഭവ , തീയതി, 19.01.2021

3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.07.2021- ലെ എ 1/4/2018/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.09.2021-ലെ എ 1/89/2020/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതു സർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിതയായ ശ്രീമതി രശ്മി, വി.-യുടെ (സൂപ്രണ്ട്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ) സേവന കാലാവധി 27.08.2021 മുതൽ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും ശ്രീമതി ഷീജ യു.എസ്., സീനിയർ ക്ലർക്ക്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ്, ഇടുക്കി, ശ്രീമതി അഞ്ജു ജി.പി., സീനിയർ ക്ലർക്ക്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് കോട്ടയം, ശ്രീമതി സജിത എസ്.ഇ., ഓഫീസ് അറ്റൻഡന്റ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം എന്നിവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3), (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്ന സാഹചര്യത്തിലും, തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും പ്രവർത്തി ക്രമീകരണ വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രശ്മി വി.-യുടെ സേവനകാലാവധി 27.08.2021 മുതൽ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ടും ചുവടെ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 6 മാസക്കാലയളവിലേക്ക് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് നിയോഗിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീമതി ഷീജ യു.എസ് - സീനിയർ ക്ലർക്ക്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ്, ഇടുക്കി

2) ശ്രീമതി അഞ്ജു ജി.പി. - സീനിയർ ക്ലർക്ക്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ്, കോട്ടയം

3) ശ്രീമതി സജിത എസ്.ഇ. - ഓഫീസ് അറ്റൻഡന്റ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

റൂറൽ ഡയറക്ടർ, തിരുവനന്തപുരം.

അർബൻ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ, ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തികൾക്ക് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ